പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 943 | 30-06-2011-ലെ മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിൽപ്പെടുന്ന പുളിഞ്ഞോളിക്കടവ് പാലം

**ചോദ്യം** | **മറുപടി**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
(മരാമത്ത് വകുപ്പുമന്ത്രി)

(എ) തലശ്ശേരി മണ്ഡലത്തിൽപ്പെടുന്ന പുളിഞ്ഞോളിക്കടവ് . പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(എ) തലശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഗവൺമെന്റ് ഉത്തരവ് നമ്പർ: 1044/2009/ പൊ.മ.വ. തീയതി: 14/07/2009 പ്രകാരം സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 560.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇരുഭാഗവും 100 മീറ്റർ വീതം നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ധർമ്മടം പഞ്ചായത്തും എരിഞ്ഞോളി പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമായാൽ മാത്രമെ അനന്തര നടപടികൾ സ്വീകരിക്കാൻ പറ്റുകയുള്ളൂ. പാലത്തിന് 25.32 മീറ്റർ വീതം 4 സ്പാനുകൾ അടങ്ങിയ ഡിസൈൻ ലഭ്യമായിട്ടുണ്ട്.

(ബി) പാലത്തിന്റെ നിർമ്മാണപ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

(ബി) സ്ഥലം ലഭിക്കുകയും, സാങ്കേതികാനുമതി, ടെണ്ടർ എന്നീ നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്ത ശേഷം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ